ശ്രീ. കെ.ഇ. ഇസ്മയിൽ : അത് വളരെ ന്യായമായ ചോദ്യമാണ്. കാല വർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ചിട്ടുള്ളവർക്ക് അടിയന്തിരമായി നാശനഷ്ടങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്നതനുസരിച്ച് ധനസഹായം കൊടുക്കുകയാണ് ചെയ്യുന്നത്. റിപ്പോർട്ട് കിട്ടിയതനുസരിച്ച് രണ്ട് കോടി ഉറുപ്പിക അനുവദിച്ചിട്ടുണ്ട്. ആവശ്യമാണെന്ന് കണ്ടാൽ ഇനിയും കൂടുതൽ രൂപ അനുവദിക്കും. അതുപോലെ തന്നെ കൃഷിനാശം സംഭവിച്ചിട്ടുള്ളവർക്കും വെള്ളപ്പൊക്കത്തിന്റെ ഭാഗമായി വിളയിറക്കാൻ കഴിയാത്തവർക്കും അടിയന്തിരമായി വിത്തു നൽകുന്നതിനുള്ള നടപടികളും ഞങ്ങൾ സ്വീകരിക്കുന്നതാണ്.

2 (*336) കർഷകരക്ഷാ പദ്ധതി

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കർഷകരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിൻകീഴിൽ എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് കർഷകർക്ക് ലഭിക്കുമെന്ന് കണക്കാക്കിയിട്ടുള്ളത്;

(സി) കേരളത്തിൽ ആകെ എത്ര കർഷകർക്കാണ് ഇതിന്റെ ഗുണം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) കർഷകരക്ഷാ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തേണ്ട കർഷകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും എപ്രകാരമാണെന്നും വ്യക്തമാക്കുമോ;

(ഇ) കർഷകരക്ഷാ പദ്ധതി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൃഷി വകുപ്പ് ഡയറക്ടർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ,

(എ) ഉണ്ട്.

(ബി) പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

1.	എല്ലാവിധ അപകടമരണവും	:	1 ലക്ഷം രൂപ
2.	പൂർണ്ണമായ അംഗവൈകല്യം	:	1 ലക്ഷം രൂപ
3.	രണ്ട് കാലുകൾ/കൈകൾ/ കണ്ണുകൾ നഷ്ടം	:	1 ലക്ഷം രൂപ
4.	ഒരു കൈ/കാൽ/കണ്ണ് നഷ്ടം	:	50,000 രൂപ
5.	അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ട് കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം	:	5,000 രൂപ വീതം

LIBRARY ARCHIVES Kerala Legislative Assembly

6.	അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ടു പെൺകുട്ടികൾക്ക് വിവാഹത്തിന് ധനസഹായം	:	5,000 രൂപ വീതം
7.	അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ ശവശരീരം വീട്ടിൽ എത്തിക്കുന്നതിന്	:	1000 രൂപ വീതം
8.	മരണപ്പെടുന്ന അംഗത്തിന്റെ ശവസംസ്കാര ചടങ്ങിന് ധനസഹായം	:	1000 രൂപ
9.	ഗുരുതരമായി മുറിവേൽക്കപ്പെടുന്ന അംഗത്തിന്റെ ശുശ്രൂഷാചെലവിന് ധനസഹായം	:	5000 രൂപ

(സി) 10 ലക്ഷം കർഷകർക്ക്.

(ഡി) 18 നും 70 നും മദ്ധ്യേ പ്രായമുള്ള ചെറുകിട കർഷകർക്കാണ് അംഗത്വം നൽകുക. 25 സെന്റുമുതൽ 2 ഹെക്ടർ വരെ ഭൂമി കൈവശാവകാശമുള്ള, കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർക്ക് അംഗമാകാം. അപേക്ഷകൻ ഇൻഷ്വർ ചെയ്യുന്ന പഞ്ചായത്തിൽ താമസക്കാരനായിരിക്കണം. ഒരു കുടുംബത്തിലെ ഒരു വ്യകതിക്കുമാത്രമായിരിക്കും അംഗത്വം ലഭിക്കുക.

(ഇ) ഇല്ല. വ്യക്തമായ നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല എന്ന പരാതിയിൻമേൽ വിശദവും വ്യക്തവുമായ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷമേ കൃഷിക്കാരെ അംഗങ്ങളാക്കാവൂ എന്ന് കൃഷി വകുപ്പു ഡയറക്ടർ നിർദ്ദേശം കൊടുത്തിട്ടുണ്ട്. 23.6.99-ലെ സർക്കാർ നിർദ്ദേശങ്ങൾ ജി.ഒ. (എം.എസ്.) നമ്പർ 173/99/എ.ഡി. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ അംഗത്വം ചേർത്തുകൊണ്ടിരിക്കുന്നു.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

<u>ശ്രീ. ടി.എം. ജേക്കബ്</u> : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതനുസരിച്ച് ഗവൺമെന്റ് ഉത്തരവ് കഴിഞ്ഞ മാസമാണ് പുറപ്പെടുവിച്ചിരിക്കുന്നത്. അതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിച്ചിട്ടും അധിക സമയമായിട്ടില്ല. ഈ സാഹചര്യത്തിൽ കൃഷിക്കാരെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി ഡിപ്പാർട്ടുമെന്റ് നൽകിയിട്ടുള്ള മാനദണ്ഡം എന്താണ്? രാഷ്ട്രീയ വിവേചനം കൂടാതെ ഏതു രൂപത്തിൽ തെരഞ്ഞെടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതനുസരിച്ച് 10 ലക്ഷം കൃഷിക്കാർ എന്നാണ്. 10 ലക്ഷം കൃഷിക്കാർ അല്ല ഇന്നുള്ളത്. ഈ ആളുകളെ ഇതിനകത്ത് എങ്ങനെ ലിമിറ്റ് ചെയ്ത് തെരഞ്ഞെടുക്കാൻ കഴിയും എന്നുള്ളതും വ്യക്തമാക്കാമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : ഞാൻ വായിച്ച ഉത്തരത്തിൽ തന്നെ വളരെ വ്യക്തമാണ്. 18 വയസിനും 70 വയസിനും ഇടയിൽ പ്രായമുള്ളവർ, ആ പഞ്ചായത്തിൽ തന്നെ താമസിക്കുന്നവർ ഇവരെയാണ് ചേർക്കേണ്ടത്. അപേക്ഷാ ഫോറം കൃഷിഭവനിലൂടെ സൗജന്യമായി കൊടുക്കും. അപേക്ഷാ ഫോറം പൂരിപ്പിച്ച് കൃഷിഭവനിൽ എത്തിക്കണം. സെലക്ട് ചെയ്യുന്നതിന് ഓരോ പഞ്ചായത്തിലും കൃഷി ഭവൻ ഉപദേശക സമിതിയുണ്ട്. അവരാണ് പരിശോധിച്ച് സെലക്ട് ചെയ്യുന്നത്. അതുകൊണ്ട് അതിൽ യാതൊരു രാഷ്ട്രീയ വിവേചനവും ഉണ്ടാക്കാൻ സാധ്യതയില്ല. എല്ലാ പാർട്ടികളുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധികളും എല്ലാ കൃഷിഭവനിലും നിലവിലുണ്ട് എന്നുള്ളതുകൊണ്ട് അതു സംഭവിക്കാനിടയില്ല.

<u>ശ്രീ. ടി.എം. ജേക്കബ്</u> : ചട്ടങ്ങളിൽ അത് ക്ലിയറായിട്ടില്ല. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ചട്ടങ്ങളിൽ അത് വ്യക്തമാക്കാനുള്ള നിർദ്ദേശം കൊടുക്കണം. ചട്ടങ്ങൾ എന്റെ കൈയിലുണ്ട്. ഞാൻ അതു നോക്കി. ഇവിടെ പറഞ്ഞിരിക്കുന്നത് ഇൻഷ്വറൻസ് എടുത്തിരിക്കുന്ന ആളുകൾ മരിക്കുകയാണെങ്കിൽ, മരണപ്പെടുന്ന ആളുകളുടെ രണ്ട് കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സഹായം, മരിക്കുന്ന അംഗത്തിന്റെ 2 പെൺകുട്ടികൾക്ക് വിവാഹത്തിന് സഹായം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചാണ്. ഇതിനു വേണ്ടി പ്രാഥമികമായിട്ടുള്ള പോളിസിയുടെ പണം എടുക്കുന്നത് സർക്കാർ തന്നെയാണ്. ഈ സാഹചര്യത്തിൽ 10 ലക്ഷം എന്നുള്ളത് ..... കൃഷിക്കാർ 10 ലക്ഷത്തിൽ കൂടുതലുണ്ട്. പിന്നെ മറ്റൊന്ന്, ഒരു കുടുംബത്തിൽ ഒരംഗം, കുടുംബം എന്താണെന്ന് ചട്ടത്തിൽ പറയുന്നുണ്ട്. ഭാര്യ, ഭർത്താവ്, അവിവാഹിതരായ മക്കൾ എന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ വരുമ്പോൾ ഇത് എങ്ങനെ സെലക്ട് ചെയ്യും? 10 ലക്ഷം ആളുകളെ മാത്രമായിട്ട് കൺഫൈൻ ചെയ്ത് നിർത്താതെ ഇത് വിപുലീകരിച്ച് അർഹരായിട്ടുള്ള, ആഗ്രഹിക്കുന്ന മുഴുവൻ ആളുകളേയും അംഗങ്ങളാക്കാനും അവർക്ക് ആവശ്യമായിട്ടുള്ള പണം നീക്കിവയ്ക്കുന്നതിനുമുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : ഇപ്പോൾ സർക്കാർ തന്നെ ഇതിൽ അംഗമാക്കുന്നവർക്ക് പ്രീമിയം 10 രൂപ വച്ച് 10 ലക്ഷം പേർക്ക് എന്ന് നിശ്ചയിച്ചിട്ടുണ്ട്. നമ്മൾ ഇപ്പോൾ ആരംഭിച്ചതേയുള്ളൂ. 10 ലക്ഷത്തിൽ കൂടുതൽ ആളുകളെ ഇതിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതിൽത്തന്നെ പറയുന്നുണ്ട്, കൃഷിയുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ ആളുകൾക്ക് പ്രയോറിറ്റി കൊടുക്കണമെന്ന്. ആവശ്യമാണെങ്കിൽ 10 ലക്ഷം എന്നത് സ്വാഭാവികമായിട്ട് വർദ്ധിപ്പിക്കേണ്ടിവരും. ആ സമയത്ത് അത് തീർച്ചയായിട്ടും ആലോചിക്കാം. അപേക്ഷ ജൂലൈ 20-ാം തീയതി വരെയാണ് സ്വീകരിക്കും എന്നുപറഞ്ഞത്. ജൂലൈ 20-ന് പൂർത്തിയാക്കാൻ കഴിയുമോ എന്നുള്ളത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ നടപടികൾ പൂർത്തിയാക്കി എല്ലാ കൃഷിഭവനുകളിൽനിന്നും ഇതിന്റെ വിശദാംശങ്ങൾ ജനങ്ങളെ അറിയിച്ചിട്ടുണ്ട്. 5-ാം തീയതി വരെ അപേക്ഷ സ്വീകരിക്കണമെന്നാണ് ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ 20-ാം തീയതി വരെ അപേക്ഷ സ്വീകരിക്കണമെന്ന് പിന്നീട് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

<u>ശ്രീ. പി. വിശ്വൻ</u> : കേരളത്തിലെ കൃഷിക്കാർക്കുവേണ്ടി ഇത്തരം ഒരു പദ്ധതി കൊണ്ടുവന്ന ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുന്നു. ഈ പദ്ധതിയെക്കുറിച്ച് കൃഷിക്കാർക്ക് മനസ്സിലായി വരുന്നതേയുള്ളൂ. അതുകൊണ്ടുതന്നെ കൂടുതൽ കൃഷിക്കാരെ ഇതിൽ കൊണ്ടുവരാൻ വേണ്ടി അപേക്ഷാഫോറം സ്വീകരിക്കുന്നതിനുള്ള തീയതിയിൽ അൽപ്പംകൂടി മാറ്റം വരുത്താൻ സർക്കാർ തയ്യാറാകുമോ? ആവശ്യത്തിനുള്ള ഫാറം എല്ലാ കൃഷി ഭവനുകളിലും എത്തിക്കാനുള്ള നടപടികൂടി സർക്കാർ എടുക്കുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : ആവശ്യത്തിന് ഫാറം ഓരോ കൃഷിഭവനിലും വിതരണം ചെയ്യണമെന്ന് അറിയിച്ചിട്ടുണ്ട്. സൗജന്യമായിട്ടാണ് ഈ ഫാറം വിതരണം ചെയ്യുന്നത്. ഏതെങ്കിലും പ്രദേശങ്ങളിൽ ആവശ്യത്തിന് ഫാറം കിട്ടിയില്ല എന്ന് ആക്ഷേപം വരികയാണെങ്കിൽ തീർച്ചയായിട്ടും അത് കൊടുക്കാനുള്ള ഏർപ്പാട് ചെയ്യാം. 20-ാം തീയതി വരെയാണ് ഇപ്പോൾ തീയതി നിശ്ചയിച്ചിട്ടുള്ളത്. 20-ാം തീയതിക്കകം കൊടുക്കാൻ കഴിയുകയില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്ന് ആക്ഷേപം വരികയാണെങ്കിൽ അപ്പോൾ ആലോചിച്ച് ഡേറ്റ് നീട്ടിക്കൊടുക്കുന്നതാണ്.

ശ്രീ. വി. ബാലറാം : അധികാര വികേന്ദ്രീകരണത്തിന്റെ ഈ കാലഘട്ടത്തിൽ പഞ്ചായത്ത് ഭരണ സമിതിക്കു കൂടി പങ്കാളിത്തം കൊടുത്ത് അർഹതപ്പെട്ട കർഷകരെ തെരഞ്ഞെടുക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : കൃഷി ഭവൻ ഉപദേശക സമിതിയിലെ പ്രസിഡന്റ് പഞ്ചായത്ത് പ്രസിഡന്റാണ്. പ്രത്യേകമായി പഞ്ചായത്ത് ഭരണസമിതിയുടെ ആവശ്യമില്ല. പഞ്ചായത്ത് പ്രതിനിധിയും കർഷക സംഘടനകളുടേയും കർഷക തൊഴിലാളി സംഘടനകളുടേയും പാർട്ടികളുടേയുമൊക്കെ പ്രതിനിധികൾ അതിൽ വരുന്നുണ്ട്. കൃഷി ഭവൻ ഉപദേശക സമിതി എന്നുപറഞ്ഞാൽ സർവ്വകക്ഷി പ്രാതിനിധ്യമുള്ള സമിതിയാണ്. അതുകൊണ്ട് ആ സമിതിയാണ് ഇത് പരിശോധിക്കേണ്ടതും.

ശ്രീ. മോൻസ് ജോസഫ് : കർഷക രക്ഷാ പദ്ധതിക്കുവേണ്ടി ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള അംഗത്വപരിധി 25 സെന്റു മുതൽ 2 ഹെക്ടർ വരെ എന്നാണ് അങ്ങ് മറുപടിയിൽ പറഞ്ഞത്. 10 സെന്റ് ഭൂമിക്കകത്ത് നല്ല നിലയിൽ കൃഷി ചെയ്യുന്ന പാവപ്പെട്ട കൃഷിക്കാരുണ്ട്. അതുകൊണ്ട് 25 സെന്റ് എന്നുള്ളത് കുറച്ചുകൂടി താഴേയ്ക്ക് ആക്കി 10 സെന്റു മുതൽ എന്നാക്കി മാറ്റിയാൽ കൂടുതൽ പാവപ്പെട്ട കൃഷിക്കാർക്ക് ഇതിന്റെ ഗുണം ഉണ്ടാകും. അതുകൊണ്ട് ഇതു മാറ്റാനുള്ള നടപടിയുണ്ടാക്കണം. അതുപോലെതന്നെ ഒരു കുടംബത്തിലെ ഒരംഗം എന്നാണ് അങ്ങ് പറഞ്ഞിട്ടുള്ളത്. ഒരു കുടുംബത്തിലെ തന്നെ ഭൂമി പല മേഖലകളിലായി തിരിച്ച് പല സ്ഥലങ്ങളിൽ കൃഷിചെയ്യുന്ന പലരുണ്ട്. അങ്ങനെ കൃഷി ചെയ്യുന്ന അർഹതയുള്ള കൃഷിക്കാരനും ആനുകൂല്യം ലഭ്യമാക്കണം. അങ്ങനെ തെരഞ്ഞെടുക്കുന്നതിൽ ഒരു മാറ്റം വരുത്താൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള നാമമാത്ര ചെറുകിട കൃഷിക്കാരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ടാണ് 25 സെന്റ് മുതൽ 2 ഹെക്ടർ വരെ എന്നു പറഞ്ഞത്. അത് 5 ഏക്കറിലേറെ വരും. ഒരു വീട്ടിൽ നിന്നും എല്ലാവരേയും ചേർക്കുക എന്നുള്ളതൊക്കെ പിന്നീട് നമുക്ക് സാവകാശം ആലോചിക്കേണ്ട വിഷയമാണ്. ഇപ്പോൾ ഒരു തുടക്കം എന്ന നിലയിൽ 10 ലക്ഷം കൃഷിക്കാരെ ഉൾപ്പെടുത്താൻ ഈ പരിധിയിൽ നിന്നുകൊണ്ട് ഒരു ശ്രമം നടത്തുകയാണ്. ഇപ്പോൾ നമ്മൾ എഴുതാപ്പുറം വായിക്കേണ്ട കാര്യമില്ല. അത്തരം സാഹചര്യം ആവശ്യമായി തോന്നുകയാണെങ്കിൽ തീർച്ചയായിട്ടും ആ സന്ദർഭത്തിൽ നമുക്ക് ആലോചിക്കാം. ഇപ്പോൾ അതിനെക്കുറിച്ച് ആലോചിക്കേണ്ട ആവശ്യമില്ല.

ശ്രീ. ചെർക്കളം അബ്ദുള്ള : എനിക്ക് ഒരു സംശയം ദൂരീകരിക്കാൻ കൂടിയുണ്ട്. അവയവങ്ങൾ നഷ്ടപ്പെട്ടാലുള്ള കഥ പറഞ്ഞു. അവയവങ്ങൾ ഒന്നും കേടുവരാതെ മരിച്ചാലും ഒരു ലക്ഷം രൂപ കർഷരക്ഷാ പദ്ധതിയനുസരിച്ച് കൊടുക്കുമോ എന്നുള്ളതാണ് സംശയം. കർഷക രക്ഷാ പദ്ധതിയിൽ 5 ഏക്കർ വരെ കൃഷിഭൂമി ഉള്ള എല്ലാ ചെറുകിട നാമമാത്ര കർഷകരെയും ചേർക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഒരു പുനരാലോചന നടത്തുന്നതിന് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ഇ. ഇസ്മയിൽ : ആ കാര്യത്തിൽ യാതൊരു അലംഭാവവും ഉണ്ടാകില്ല. പ്രധാനമായും നെൽക്കൃഷി, അതു കഴിഞ്ഞാൽ പച്ചക്കറി, തെങ്ങ് അങ്ങനെ എല്ലാ മേഖലയിലെ കൃഷിക്കാരേയും ഇതിൽ ചേർക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഒരു പുതിയ സ്കീമിൽ 10 ലക്ഷം കൃഷിക്കാരെ ചേർക്കാൻ തീരുമാനിച്ചു. പദ്ധതി തുടങ്ങി കൂടുതൽ കൃഷിക്കാരെ ചേർക്കേണ്ട ആവശ്യം വരികയാണെങ്കിൽ തീർച്ചയായിട്ടും ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് ആ നടപടികളും ഗവൺമെന്റ് ചെയ്യും.

3 (*337) ചെലവു ചുരുക്കൽ പദ്ധതി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെലവു ചുരുക്കലിന്റെ ഭാഗമായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ചെലവു ചുരുക്കൽ പദ്ധതി നടപ്പാക്കിയതിന്റെ ഫലമായി 1998-99-ൽ എന്ത് തുകയുടെ അധിക ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിൽ ഇനി എന്തെല്ലാം ചെലവു ചുരുക്കൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) ചെലവു ചുരുക്കലിനെ സംബന്ധിച്ച് പ്ലാനിംഗ് ബോർഡും റിസോഴ്സ് കമ്മിഷനും എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്;

(ഇ) ചെലവു ചുരുക്കലിന്റെ ഭാഗമായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് വിലക്ക് ഏർപ്പെടുത്തുമോ;

(എഫ്) ഇപ്പോഴത്തെ ടെലിഫോൺ ചെലവ് ഇരുപത്തിയഞ്ച് ശതമാനം കുറവ് ചെയ്യാൻ ആവശ്യമായ നിർദ്ദേശം നൽകുമോ;

(ജി) ഉയർന്ന തസ്തികകൾ അനുവദിക്കുന്നതിന് വിലക്ക് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) പുതിയ തസ്തിക സൃഷ്ടിക്കൽ, പുതിയ വാഹനങ്ങൾ വാങ്ങൽ, ഓഫീസ് ചെലവുകൾ, യാത്രാ ചെലവുകൾ, ഇന്ധന ചെലവുകൾ എന്നിവയിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.ടി.ഡി./ഐ.എസ്.ഡി. സൗകര്യത്തോടെയുള്ള ടെലിഫോൺ, മൊബൈൽ ഫോൺ എന്നിവ അനുവദിക്കുന്നതിലും സംസ്ഥാനത്തിന് പുറത്ത് കോൺഫറൻസ്/പരിശീലനം/സെമിനാർ എന്നിവയിൽ പങ്കെടുക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തസ്തിക സൃഷ്ടിക്കൽ, വാഹനം വാങ്ങൽ, എന്നിവ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെയും ചീഫ് സെക്രട്ടറിയുടെയും അദ്ധ്യക്ഷതയിലുള്ള രണ്ട് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഈ ചെലവു ചുരുക്കൽ നടപടികൾ എല്ലാംതന്നെ സർക്കാർ കമ്പനികൾ/കോർപ്പ

LIBRARY ARCHIVES Kerala Legislative Assembly